നാട്ടുവിശേഷം

ആൾ ഇന്ത്യഎൽ.ഐ.സി ഏജന്റ്സ് ഫെഡറേഷൻ സമ്മേളനം

തിരുവനന്തപുരം: ആൾ ഇന്ത്യ എൽ.ഐ.സി ഏജന്റ്സ് ഫെഡറേഷന്റെ ദേശീയ സമ്മേളനം വിശാഖപട്ടണത്ത് ബിനോയ്വിശ്വം എം.പി ഉദ്ഘാടനം ചെയ്തു. ദേശീയ വർക്കിംഗ്പ്രസിഡന്റ് സി. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സെക്രട്ടറി തോന്നയ്ക്കൽ രാമചന്ദ്രൻ, രക്ഷാധികാരി ജയിംസ് എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ: എൻ.കെ. പ്രേമചന്ദ്രൻ എം.പി (ദേശീയ പ്രസിഡന്റ്), തോന്നയ്ക്കൽ രാമചന്ദ്രൻ (സെക്രട്ടറി ജനറൽ), സി. രാധാകൃഷ്ണൻ (വർക്കിംഗ്പ്രസിഡന്റ്), കെ.സി. ജയിംസ്(രക്ഷാധികാരി), അബ്ദുൾ സമദ്(ട്രഷറർ).

കഥയരങ്ങും ചർച്ചയും ഇന്ന്

തിരുവനന്തപുരം: ബഷീർ കഥാവേദി സംഘടിപ്പിക്കുന്ന കഥയരങ്ങും ചർച്ചയും ഇന്ന് ഉച്ചയ്ക്ക് 2ന് സ്റ്റാച്യുവിലെ പൂർണ ഹോട്ടലിൽ നടക്കും. വള്ളക്കടവ് ഷാഫി അദ്ധ്യക്ഷത വഹിക്കും. കരിക്കകം ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്യും. നെടുങ്കാട് രാധാകൃഷ്ണൻ, സുകപാൽക്കുളങ്ങര, മടവൂർ രാധാകൃഷ്ണൻ, കസുമം ആർ. പുന്നപ്ര, ഷാമില ഷൂജ തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ട് 3.30 ന് നടക്കുന്ന ചർച്ചയിൽ വള്ളക്കടവ് ഷാഫി അദ്ധ്യക്ഷത വഹിക്കും. ഡോ. പി. സോമൻ ഉദ്ഘാടനം ചെയ്യും. ഡോ. വിളക്കുടി രാജേന്ദ്രൻ പങ്കെടുക്കും.

വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളണം

തിരുവനന്തപുരം : വിദ്യാഭ്യാസ വായ്പയെടുത്ത് പഠനം നടത്തിയവർക്ക് തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുടർ സഹായ പദ്ധതി നടപ്പിലാക്കണമെന്നും കാർഷിക വായ്പ പോലെ വിദ്യാഭ്യാസ വായ്പയും എഴുതിത്തള്ളണമെന്നും എഡ്യുക്കേഷൻ ലോണീസ് വെൽഫയർ ഓർഗനൈസേഷൻ സംസ്ഥാന ഭാരവാഹികളായ പ്രസിഡന്റ് മംഗലാട്ട് രാമചന്ദ്രൻ, സെക്രട്ടറി രാജമോഹൻ, വൈസ് പ്രസിഡന്റ് ഇ.വി. തോമസ് എന്നിവർ ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് നാളെ രാവിലെ 10.30ന് തമ്പാനൂർ മാഞ്ഞാലിക്കുളം കൈവല്ല്യ ഹോട്ടലിൽ ചേരുന്ന കൺവെൻഷനിൽ ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് ഓർഗനൈസേഷൻ അഭ്യർത്ഥിച്ചു.

നെയ്യാറ്റിൻകര പ്ലാസ്റ്റിക് മുക്തമാക്കണം

നെയ്യാറ്റിൻകര: നഗരം പ്ളാസ്റ്റിക് വിമുക്തമാക്കണമെന്ന് നഗരസഭാ ജീവനക്കാരുടെ സംഘടനയായ കെ.എം.സി.എസ്.യു. നെയ്യാറ്റിൻകര യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. പ്രതിനിധിസമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് എ.ബി. വിജയകുമാർ ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ: ബിനു മുഹമ്മദ്(പ്രസിഡന്റ്), സജു (വൈസ് പ്രസിഡന്റ്), എച്ച്. ജയരാജ് (സെക്രട്ടറി), അമിതാബ്ജോൺ (ജോയിന്റ് സെക്രട്ടറി), രാജേഷ്(ട്രഷറർ).

കാഴ്ചപരിമിതർക്കായികണ്ണാശുപത്രിയിൽ പുനരധിവാസകേന്ദ്രം ഉദ്ഘാടനം നാളെ

തിരുവനന്തപുരം: റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഓഫ്താൽമോളജി അല്ലുമ്നി അസോസിയേഷനും സംസ്ഥാന സർക്കാരും സംയുക്തമായി കാഴ്ചപരിമിതർക്കായി ആരംഭിക്കുന്ന റീഹാബിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം നാളെ രാവിലെ 10.30 ന് മന്ത്രി കെ.കെ. ശൈലജ നിർവഹിക്കും.

കെ. മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. ഡോ. പി.എസ്. ഗിരിജാദേവി, ഡോ. റംലാബീവി. എ, കൗൺസിലർമാരായ വഞ്ചിയൂർ ബാബു, അഡ്വ. സതീഷ്കുമാർ, ഫൗണ്ടർ ഡയറക്ടർ ഡോ. സുശീലപ്രഭാകരൻ, മെഡിക്കൽ കോളേജ്പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു തുടങ്ങിയവർ പ്രസംഗിക്കും.

കുറ്റൂർ ദേവസ്വം ഉപദേശക സമിതി ഭാരവാഹികൾ

വെഞ്ഞാറമൂട്: തിരുവിതാംകൂർ ദേവസ്വം ബോർഡ്, കുറ്റൂർ ദേവസ്വം വാമനപുരം കുറ്റൂർ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ 2019-21 വർഷത്തെ ഉപദേശക സമിതി തിരഞ്ഞെടുപ്പ് നടന്നു. പതിമൂന്നംഗ ഉപദേശക സമിതിയിൽ ഭാരവാഹികളായി രാധാകൃഷ്ണൻ നായർ (പ്രസിഡന്റ്), കെ.കെ. അനീഷ്(വൈസ് പ്രസിഡന്റ്), എസ്. ആർ. രജികുമാർ (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

ആറ്റുകാൽ പൊങ്കാലയ്ക്ക് മുന്നോടിയായുള്ള കലാ പരിപാടികൾ ഉദ്ഘാടനം ചെയ്യാനെത്തിയ നടൻ മമ്മൂട്ടിയെ തിരുവനന്തപുരം വിമാനത്താവളത്തിൽ ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് വി. ചന്ദ്രശേഖര പിള്ള, വൈസ് പ്രസിഡന്റ് പി.കെ. കൃഷ്ണൻ നായർ, പ്രോഗ്രാം കമ്മിറ്റി കൺവീനർ ലാൽ, ജനറൽ കൺവീനർ രവീന്ദ്രൻനായർ , സന്ദീപ് കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കുന്നു

ഡൽഹിയിലെ ഹോട്ടലിൽ തീപിടിത്തം: 17 മരണം

മരിച്ചവരിൽ മലയാളി സ്ത്രീയും

ന്യൂഡൽഹി: ഡൽഹിയിലെ ഹോട്ടലിലുണ്ടായ തീപിടിത്തത്തിൽ 17 പേർ വെന്തുമരിച്ചു. മരണമടഞ്ഞവരിൽ ഒരു മലയാളിയുമുണ്ട്. ചോറ്റാനിക്കര സ്വദേശി ജയശ്രീ (53) ആണ് മരിച്ചത്. മരിച്ചവരിൽ ഒരു കുഞ്ഞുമുണ്ടെന്നാണ് റിപ്പോർട്ട്. നളിനിയമ്മ, വിദ്യാസാഗർ എന്നീ രണ്ടു മലയാളികളെ കാണാതായി. കരോൾബാഗിലെ അർപിത് പാലസ് ഹോട്ടലിലാണ് തീപിടുത്തമുണ്ടായത്. പുലർച്ചെ 4.30നാണ് സംഭവം. ഷോർട്ട് സർക്യൂട്ടാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. 13 അംഗ മലയാളി സംഘം ഹോട്ടലിലുണ്ടായിരുന്നു. ഇതിൽ 10 പേർ സുരക്ഷിതരാണന്ന വിവരം പുറത്തുവന്നിട്ടുണ്ട്. ഒരു വിവാഹത്തിൽ പങ്കെടുക്കാനായാണ് സംഘം ഹോട്ടലിലെത്തിയത്.

ഹോട്ടലിൽ കുടുങ്ങിയവരിൽ 35 പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്. പൊള്ളലേറ്റ രണ്ടുപേരുടെ നിലഅതീവഗുരുതരമാണ്. ഹോട്ടലിന്റെ നാലാം നിലയിലാണ് ആദ്യം തീപടർന്നത്.

ഈ സമയം 60 ലധികം പേരാണ് ഹോട്ടലിലുണ്ടായിരുന്നത്. വിവരമറിഞ്ഞ് സുരക്ഷാ സേന എത്തുമ്പോഴേക്ക് തീ പടർന്നിരുന്നതായി ഡൽഹി അഗ്നിശമന സേനാ ഡയറക്ടർ ജി.സി മിശ്ര അറിയിച്ചു.

നിലവിൽ തീ നിയന്ത്രണ വിധേയമാണ്. സംഭവമറിഞ്ഞയുടൻ 20 ലേറെ ഫയർ എൻജിനുകളാണ് രക്ഷാപ്രവർത്തനത്തിന് എത്തിയത്. ആളുകളെ ഹോട്ടലിൽ നിന്ന് ഒഴിപ്പിച്ചിട്ടുണ്ട്.

ജയശ്രീയും ബന്ധുക്കളും ഡൽഹിക്ക് പോയത് നാല് ദിവസം മുമ്പ്

കൊച്ചി: ഡൽഹിയിൽ തീപിടിത്തത്തിൽ മരിച്ച ചോറ്റാനിക്കര പഴങ്ങനാട്ട് വീട്ടിൽ ഉണ്ണികൃഷ്ണന്റെ ഭാര്യ ജയശ്രീയും (48) ബന്ധുക്കളും നാല് ദിവസം മുമ്പാണ് കൊച്ചിയിൽ നിന്നും യാത്ര തിരിച്ചത്. ചേരനല്ലൂർ പൊലീസ് സ്റ്റേഷന് സമീപത്തെ ജയശ്രീയുടെ തറവാട്ട് വീട്ടിൽ ഒത്തു കൂടിയ ശേഷം ടെയിൽ മാർഗമാണ് ഡൽഹിലെത്തിയതെന്നാണ് ലഭിക്കുന്ന വിവരം. ജയശ്രീയുടെ ഭർത്താവ് ഉണ്ണികൃഷ്ണൻ വിദേശത്താണ്. മക്കളിലൊരാൾ നാട്ടിലും മറ്റൊരാൾ ബംഗളൂരുവിലുമാണ്. ചോറ്റാനിക്കരയിലെ വീട്ടിൽ പൊലീസ് എത്തിയിട്ടുണ്ട്. ബന്ധുക്കളിൽ നിന്ന് വിവരം ശേഖരിച്ച് വിരികയാണ്.

തീപിടിത്തത്തിൽ കാണാതായ നളിനിയമ്മയുടെ മകളാണ് ജയശ്രീ. ഇവരുടെ സഹോദരൻ വിദ്യാസാഗറിനെയും അപകടത്തിൽ കാണാതായിട്ടുണ്ട്. അടുത്ത ബന്ധുവിന്റെ വിവാഹ ചടങ്ങിൽ പങ്കെടുക്കുന്നതിനായി 13 പേരാണ് ഡൽഹിയിൽ എത്തിയത്. എല്ലാവരും ഒരു കുടുംബത്തിൽപ്പെട്ടവരാണ്. അപകട വിവരമറിഞ്ഞ് ചേരാനല്ലൂർ പൊലീസ് തറവാട്ട് വീട്ടിൽ എത്തി ഇവരുടെ ബന്ധുക്കളുമായി ആശയവിനിമയം നടത്തിവരികയാണ്.

രേണുരാജിനെ വിമർശിച്ച് ഐസക്കിന്റെ സ്റ്റാഫംഗം

തിരുവനന്തപുരം: മൂന്നാർ വിവാദം കത്തിക്കൊണ്ടിരിക്കേ സബ് കളക്ടർ വീണാരാജിനെ വിമർശിച്ചുകൊണ്ട് മന്ത്രി തോമസ് ഐസക്കിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എം. ഗോപകുമാറിന്റെ ഫേസ് ബുക്ക് കുറിപ്പ്.

രാഷ്ടീയക്കാരുടെ പല നിയമലംഘനങ്ങളും അതിന്റെ പതിന്മടങ്ങ് ശക്തിയിൽ ഒരു ഓഡിറ്റും ഇല്ലാതെ ചെയ്യുന്ന വിഭാഗമാണ് ബ്യൂറോക്രസിയും ജൂഡീഷ്യറിയുടെ ഭാഗവുമൊക്കെ. അവരിൽ സമ്പൂർണ്ണ പ്രതീക്ഷിച്ചയർപ്പിച്ച് പരിസ്ഥിതിയും നാടും സംരക്ഷിക്കാൻ ഇറങ്ങിയവർക്ക് നല്ല നമസ്കാരം പറയുകയേ നിവർത്തിയുള്ളൂ എന്നാണ് ഗോപകുമാർ പറയുന്നത്.

പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതി സംരക്ഷണമെന്ന പറഞ്ഞാൽ അവിടുത്തെ മണ്ണും, വെള്ളവും കൃഷിയും മനുഷ്യജീവനും സംരക്ഷിക്കുക എന്നതാണെന്ന ലളിതമായ കാര്യം മലയോരത്തെ മനുഷ്യർക്ക് മനസിലാകാതെ പോകുന്നത് മലയോരത്തെ മനുഷ്യർ ഫോറസ്റ്റ് ബ്യൂറോക്രസിയിൽ നിന്നും അനുഭവിച്ചുകൂട്ടിയ ദുരിതത്തിന്റെ പ്രതികരണമായേ കണക്കാൻ പറ്റൂ.

മലയോരത്താകെ നടന്ന ഈ ബ്യൂറോക്രാറ്റിക് നിയന്ത്രണത്തെ കൂടുതൽ കാർക്കശ്യത്തോടെ ഇടപെടുത്തി ഭ്രമിസംരക്ഷിച്ചകളയാമെന്നമൗഢ്യമാണ് വേണരാജിലും വെങ്കിട്ടരാമനിലുമൊക്കെ അവസാന ആശ്രയം കണ്ടെത്തുന്ന പരിസ്ഥിതിവാദികളുടേത്. ഇവർ ആത്യന്തികമായി ജനങ്ങളെ ഈ ലക്ഷ്യങ്ങളിൽ നിന്നെല്ലാം അകറ്റിക്കൊണ്ടു പോവുകയാകും ഫലം.

ജനപ്രതിനിധികൾ ജനങ്ങളുടെ വികാരത്തെ മാനിക്കാതെ രേണുരാജിന്റെ കാർക്കശ്യം കാണിക്കുമെന്ന് കരുതുന്നതിൽപ്പരം പമ്പരവിഡ്ഢിത്തം വേറെ എന്തുണ്ട്?. കള്ളൻ, കൈയേറ്റക്കാരൻ, ക്രിമിനൽ എന്നൊക്കെ ധ്വനിപ്പിച്ച് രേണുരാജ് തുടങ്ങി ഐ.എ.എസുകാരുടെ വീരശൂര പരാക്രമങ്ങൾ കണ്ട് പുളകിതഗാത്രരാവുകയാണ് പരിസ്ഥിതി വാദികൾ ചെയ്യുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

സഭയിൽ പ്രതിപക്ഷ ബഹളം, പിരിഞ്ഞു

തിരുവനന്തപുരം: അരിയിൽ ഷുക്കൂർ വധക്കേസിൽ സി.ബി.ഐ സമർപ്പിച്ച കുറ്റപത്രത്തിലുൾപ്പെട്ട ടി.വി രാജേഷ് നിയമസഭയിൽ തുടരുന്നതിനെതിരായ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതി പക്ഷം നിയമസഭ ബഹിഷ്കരിച്ചു. പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ പിരിഞ്ഞു. പ്രതിപക്ഷാംഗങ്ങൾ സഭാ കവാടത്തിനുമുന്നിൽ ധർണ നടത്തി.